# എൽ.എസ്.എസ്. പരീക്ഷ

## മാതൃകാചോദ്യങ്ങൾ

## പേപ്പർ 1 പാർട്ട് എ (മലയാളം)

**വിശദമായി ഉത്തരം എഴുതേ    വ**

ഈ കവിത വായിക്കുക

1. **അമ്പിളിയമ്മാവൻ**

അമ്പിളിയമ്മാവാ ! എവിടെ നീ
മുമ്പിൽ നിന്നോടിടുന്നു?
രാത്രി മരുമകനേ ! നമുക്കുള്ള
യാത്ര മുടക്കിക്കൂടാ !
എന്തിനെന്നാമ്മാവാ ! വരുന്നു നീ
അന്തി മയങ്ങിടുമ്പോൾ?
പാരിൽ മരുമകനെ ! പരപ്പെരു
കൂരിരുൾ നീക്കിനിർത്താൻ
ഈവിധമമ്മാവാ ! ദിവസവും
പോവതിൽ ക്ഷീണമില്ലേ?
ഏതും മരുമകനേ    ! പതിവായാൽ
ചെയ്തുകൊള്ളാമെളുപ്പം
വാനിലെന്നാമ്മാവാ ! മയങ്ങാഞ്ഞാൽ
ദീനം പിടിക്കയില്ലേ?
വാനിൽ മരുമകനേ നടപ്പാർക്കു
ദീനമശേഷമില്ല
നിന്നെയന്നമ്മാവാ ! പടച്ചതാർ
നിന്നുടെ വാനിനേയും
നിന്നെ മരുമകനേ ! പടച്ചവൻ
നിന്നുടെ ഭൂമിയേയും !

(ഉള്ളൂർ എസ് പരമേശ്വരയ്യർ)

(എ) കവിതക്ക് ഉചിതമായ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക? (4 സ്കോർ)

(ബി) 'ക്ഷീണമാവില്ലേ ' എന്ന ചോദ്യത്തിന് അമ്പിളിയമ്മാവൻ നൽകിയ മറുപടി എ ന്ത്? (1 സ്കോർ)

**2. ഒരു മഴയനുഭവം വായിക്കൂ**

അടച്ചു പിടിച്ചു പെയ്യാൻ തുടങ്ങിയാൽ ഉണങ്ങാത്ത ഉടുപ്പുകൾ പ്രശ്നമാണെങ്കിലും കാലവർഷത്തെ ഒരു ഉത്സവക്കാലം പോലെ ഞാൻ കാത്തിരുന്നു. ഉറങ്ങുന്നതിനു മുമ്പ് ഇരുട്ടിൽ കിടന്ന് ര ു ചെവിയും വിരലിട്ടടക്കുക. പിന്നെ പതുക്കെ തുറക്കുക. അപ്പോഴാണ് മഴയുടെ മുറുക്കി ക്കൊട്ടൽ ശരിക്കും രസിക്കുന്നത്. ചെറിയ കൃഷിക്കാരുടെ വീട്ടിൽ വേ ത്ര ഭക്ഷണമു ായെന്നു വരില്ല.. മു കൻ കൊയ്ത്ത് അപൂർവമായ ഞങ്ങളുടെ വീട്ടിലെ സ്ഥിതിയും അതുതന്നെയായിരുന്നു. മഴക്കാലത്ത് വിശപ്പുകൂടും. അടുക്കളയിൽ അരി തിളക്കുന്ന ഗന്ധം ഉമ്മറക്കോലായിൽ മഴ ക ിരുന്ന എന്റെ മൂക്കിലെത്തുന്നത് എത്ര പെട്ടെന്നാണ്.

(എ). നിങ്ങളുടെ മഴക്കാല അനുഭവവുമായി ബന്ധപ്പെടുത്തി ഒരു കവിത രചിക്കുക? (4 സ്കോർ)

(ബി) കാലവർഷത്തെ എന്തു കാലമായിട്ടാണ് കഥാകൃത്ത് കണക്കാക്കുന്നത്? (1 സ്കോർ)

**ഒറ്റവാക്കിൽ ഉത്തരം എഴുതേ വ**

1. കൃഷ്ണഗാഥയുടെ രചയിതാവ് ആര് ? (1 സ്കോർ)
2. നെൽകൃഷിയിൽ കലപ്പക്കു പകരം ഇന്നുപയോഗിക്കുന്നത്? (1 സ്കോർ)
   ( ട്രാക്ടർ , തേക്കുകൊട്ട , കൊയ്ത്തുയന്ത്രം )
3. കനകച്ചിലങ്ക കിലുങ്ങി ക്കിലുങ്ങി
   കാഞ്ചന കാഞ്ചി കുലുങ്ങി ക്കുലുങ്ങി .
   ഇത് ആരുടെ വരികളാണ്? (1 സ്കോർ)
4. ഐക്യമത്യം മഹാബലം എന്ന പഴഞ്ചൊല്ലിന്റെ ആശയം വരുന്നത് തെരഞ്ഞെടുക്കുക? (1 സ്കോർ)
   1. ഒരുമ തന്നെ പെരുമ

2. ചങ്ങാതി നന്നായാൽ കണ്ണാടി വേമ്ട

3. വിത്തുഗുണം പത്തുഗുണം

4. അന്നബലം പ്രാണബലം

5. സമൃദ്ധം എന്ന പദത്തിന്റെ വിപരീതപദം അല്ലാത്തത്? (1 സ്കോർ)

ശുഷ്ക്കം , ദുർലഭം , ധാരാളം , വിരളം

6. ചുറ്റോടുചുറ്റും മുള്ളുവേലി

അതിനകത്തു ചള്ളുവേലി

അതിനകത്തു പൊൻതവള

അതിനകത്ത് വെള്ളാൻ കല്ല്

ഈ കടങ്കഥക്ക് ഉത്തരമെഴുതുക? (1 സ്കോർ)

(കിണർ , ചക്ക , തേങ്ങ , കുന്നിക്കുരു)

7. ഒറ്റപ്പദമെഴുതുക? (1 സ്കോർ)

വിമാനം പറത്തുന്ന ആൾ

8. ഉചിതമായ ചിഹ്നം ചേർക്കുക? (1 സ്കോർ)

ഒ കേമം തന്നെ നിന്റെ യീ തുമ്പിക്കൈ

9. കൂട്ടത്തിൽ ചേരാത്ത പദമേത്? (1 സ്കോർ)

പാവകൻ

അഗ്നി

അനിലൻ

അനലൻ

10. പരിസ്ഥിതിയുടെ കവയിത്രി ആര്? (1 സ്കോർ)

**സൂചകങ്ങൾ**

1. (എ) ആസ്വാദനക്കുറിപ്പ്

– കവിതയുടെ ആശയം തിരിച്ചറിഞ്ഞിട്ടു ്. (1 സ്കോർ)

– കവിതയിലെ പ്രയോഗങ്ങൾ, കല്പനകൾ എന്നിവ വിശകലനം ചെയ്തി

ട്ടു ˇ (1 സ്കോർ)

– ആത്മാംശം കലർന്ന ഭാഷ (1 സ്കോർ)

(ബി) ദിവസവും ചെയ്യുകയാണെങ്കിൽ ആതുജോലിയും

എളുപ്പമാകും (1സ്കോർ)

2. (എ) കവിതാരചന

ആശയങ്ങൾ ക്രമമായി അവതരിപ്പിക്കൽ (1 സ്കോർ)

അനുഭവത്തിന്റെ തീവ്രത ചോർന്നുപോകാതെ അവതരിപ്പിക്കൽ

(1 സ്കോർ)

അനസ്സിൽ തട്ടും വിധം അവതരിപ്പിക്കൽ (1 സ്കോർ)

യോജിച്ച പദങ്ങൾ , പ്രയോഗങ്ങൾ , ഉപയോഗിക്കൽ (1 സ്കോർ)

(ബി) ഉത്സവകാലം (1 സ്കോർ)

**ഉത്തരസൂചിക ( ഒരു സ്ക്കോർ വീതം )**

1. ചെറുശ്ശേരി
2. ട്രാക്ടർ
3 .ചങ്ങമ്പുഴ
4. ഒരുമ തന്നെ പെരുമ
5. ധാരാളം
6. ചക്ക
7. വൈമാനികൻ
8. !.
9. അനിലൻ
10. സുഗതകുമാരി

## SAMPLE QUESTIONS

## Paper I Part B

## (ENGLISH)

**I. (a). Answer the riddle given below.** (1 Score)

I can fly but I can't walk

I can grow but I don't need food

I have only mouth and body

Who am I?

| |
|---|
| |

**(b) Choose appropriate word from the bracket**

The fair ground was full of people.Men, -------and children were coming to the ground

(Woman , Women , Wemen) (1 Score)

**(c) Write a description about a toy shop in a fair ground.** (3 Score)

**II**

(a) Make a meaningful word from the letters given. (1 Score)

I R I B D T S E T U

(b) Choose the odd one (1 Score)

[beautiful , wonderful , powerful , joyful]

(c) Read the following poem and add more lines. (3 Score)

**BEACH FEST**

People come to summer fest

As couple, group and team

Laugh and cry the children there

Smile and buy things parents there

.........................................

.........................................

.........................................

.........................................

SCORING INDICATORS – ENGLISH

I

a. Baloon (1 Score)

b. Women(1 Score)

c. Description

. At least 5 relevant (thematically linked) well structured sentences – 3 scores.

. 3 or more relevant (thematically linked) well structured sentences – 2 scores.

. 1 or more relevant (thematically linked) well structured sentences – 1 score.

II

a. DISTRIBUTE(1 Score)

b. Powerful (1 Score)

c. Add more lines (3 Score)

Add at least one stanza considering

Thematic grid (1 Score)

Structural grid (1 Score)

Rhythm (1 Score)

## എൽ.എസ്.എസ്. പരീക്ഷ

## മാതൃകാചോദ്യങ്ങൾ

## പേപ്പർ 1 - പാർട്ട് സി - പൊതുവിജ്ഞാനം

1. ഇന്ത്യയിൽ ഏറ്റവും ഒടുവിൽ രൂപം കൊ      സംസ്ഥാനം?
2. WHO യുടെ പൂർണ്ണരൂപം?
3. നിഹാൽ സരിൻ ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ?
4. കേരളത്തിലെ അക്ഷര നഗരം ഏത്?
5. മംഗൾയാൻ ഏതു ഗ്രഹവുമായി ബന്ധപ്പെട്ട പര്യവേക്ഷണ വാഹനമാണ്?
6. വൈദ്യുതിയുടെ പിതാവ്?
7. മനുഷ്യശരീരത്തിലെ ഏറ്റവും ചെറിയ എല്ല്?
8. അഗ്നി ച്ചിറകുകൾ എന്ന കൃതി ആരുടേതാണ്?
9. ഈയിടെ വാഹനങ്ങളുടെ -ഒറ്റ - ഇരട്ട - അക്ക നമ്പർ വിവാദവുമായി ബന്ധപ്പെട്ട ഇന്ത്യയിലെ നഗരം ഏത്?
10. മലയാളത്തിന് ശ്രേഷ്ഠഭാഷ അംഗീകാരം കിട്ടിയ വർഷം?

**ഉത്തരസൂചിക ( ഒരു സ്ക്കോർ വീതം )**

1. തെലുങ്കാന
2. world health organization
3. ചെസ്സ്
4. കോട്ടയം
5. ചൊവ്വ
6. മൈക്കൽ ഫാരഡെ
7. സ്റ്റേപിസ്
8. എ.പി.ജെ. അബ്ദുൾ കലാം
9. ഡൽഹി
10. 2015

## എൽ.എസ്.എസ്. പരീക്ഷ

## മാതൃകാചോദ്യങ്ങൾ

## പേപ്പർ 2 – പാർട്ട് A പരിസരപഠനം

**വിശദമായി ഉത്തരം എഴുതേ വ**

1.(എ)സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ഒരു സമരത്തിന്റെ സവിശേഷതകൾ താഴെ നൽകുന്നു. ഈ സമരം ഏതാണെന്ന് ക െ ത്തി കൂടുതൽ സവിശേഷതകൾ എഴുതുക

**നികുതി ഇളവു ചെയ്ത് നൽകി** (3 സ്കോർ)

(ബി) സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട കേരളത്തിൽ നടന്ന ര ് സമരങ്ങളുടെ പേരും വർഷവും എഴുതുക. (2 സ്കോർ)

2. ര ് കലകളുടെ സവിശേഷതകളാണ് താഴെ കൊടുത്തിരിക്കുന്നത്. കലകൾ ഏതെന്ന് ക െ ത്തി ഓരോന്നിന്റേയും സവിശേഷതകൾ പട്ടികപ്പെടുത്തുക? (5 സ്കോർ)

1 നൃത്തവും വിനോദവും കൂടി കലർന്നത്

2. ദൈവം എന്ന പദത്തിന്റെ തത്ഭവരൂപമാണ്.

3. ചാരി എന്നു പേരുള്ള നൃത്തരൂപമു ്.

4. ദേവപ്രീതിക്കായി നടത്തുന്നു.

5. ഗദ്യപദ്യങ്ങൾ ചൊല്ലി അർത്ഥം പറയുന്നു.

6. വടക്കൻ കേരളത്തിൽ നിലവിലുള്ളതാണ്..

7. വസ്ത്രങ്ങൾ ഞൊറിഞ്ഞുടുത്ത് കയ്യിൽ കടകമു ാക്കും

8. കാലിൽ ചിലമ്പും കയ്യിൽ വാളോ ചിലമ്പോ ഉ ാകും

**ഒറ്റവാക്കിൽ ഉത്തരം എഴുതേണ്ടചോദ്യങ്ങൾ**

1. കിഴക്കിന്റെ രത്നം എന്നറിയപ്പെടുന്ന സംസ്ഥാനം

( മണിപ്പൂർ , മിസോറം , മേഘാലയ , നാഗാലാന്റ് )

2. ലോക വനദിനം ആചരിക്കുന്നത് എന്ന്?

(മാർച്ച് 8 , മാർച്ച് 21 , മാർച്ച് 22 , മാർച്ച് 25 )

3. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പഠനമാണ്

( ഇക്കോളജി , ഓഷ്യനോളജി , പെഡഗോളജി , സൈക്കോളജി )

4. ഒന്നിൽ കൂടുതൽ ശ്വസനാവയവമുള്ള ജീവി.

( മത്സ്യം , മുതല , തവള , പാമ്പ് )

5. സസ്യഭാഗങ്ങൾ പൂർണ്ണമായി രൂപപ്പെട്ടിട്ടില്ലെങ്കിലും സസ്യവിഭാഗത്തിൽ പെടുന്ന സസ്യങ്ങളാണ്

1. പന്നൽച്ചെടി , പന , മാവ് , സൈക്കസ്
2. സ്പൈറോഗൈറ , മോസ് , പന്നൽച്ചെടി , കവുങ്ങ്
3. പൈനസ് , മോസ് , കൂൺ , കവുങ്ങ്
4. സ്പൈറോഗൈറ , പന്നൽച്ചെടി , പന , സൈക്കസ്

6. വട്ടത്തിൽ ചുവടുവെക്കുന്ന സംഘകല ഏതാണ്?

( തിരുവാതിര , ദഫ്മുട്ട് , കോൽക്കളി , മാർഗംകളി)

7. ചന്ദ്രനെക്കുറിച്ചുള്ള പഠനം ഏതാണ്?

8. ഏത് വിവരവിനിമയ സംവിധാനമാണ് ഈയിടെ നിർത്തലാക്കിയത്?

9. ചുവന്നമല എന്നറിയപ്പെടുന്ന സംസ്ഥാനം

10. എന്തിന്റെ ഓർമ്മക്കായാണ് ഭാരതീയ പ്രവാസിദിനം ആചരിക്കുന്നത്?

**ഉത്തരസൂചിക (പരിസരപഠനം)**

1. (1) (എ) ര ് സവിശേഷതയും സമരത്തിന്റെ പേരും എഴുതിയാൽ (3 സ്കോർ)

ഖേഡാസമരം - കർഷകർഡക്കുമേൽ അടിച്ചേൽപ്പിച്ച നികുതി ഇളവുചെയ്യാൻ.ഗാ ന്ധിജിയുടെ സത്യാഗ്രഹം

(ബി) മലബാർ കലാപം - 1921

വൈക്കം സത്യാഗ്രഹം --1924

പഴശ്ശി യുദ്ധം - 1812

ഏതെങ്കിലും രണ്ട് ണ്ണവും വർഷവും എഴുതിയാൽ (2 സ്കോർ)

2. ചാക്യാർ കൂത്ത് - 1,3,5,7

തെയ്യം -- 2,4,6,8 (5 സ്കോർ)

**ഉത്തരസൂചിക ( ഒരു സ്കോർ വീതം )**

1. മിസോറാം
2. മാർച്ച് 21
3. ഇക്കോളജി
4. തവള
5. സ്പൈറോഗൈറ , മോസ് , പന്നൽചെടി , കവുങ്ങ്
6. കോൽക്കളി
7. സെലനോളജി
8. ടെലഗ്രാഫ്
9. അരുണാചൽ പ്രദേശ്
10. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നിന്നു ഇന്ത്യയിൽ തിരിച്ചെത്തിയതിന്റെ

## എൽ.എസ്.എസ്. പരീക്ഷ

## മാതൃകാചോദ്യങ്ങൾ

## പേപ്പർ 2 - പാർട്ട് ബി (ഗണിതം)

**വിശദമായി ഉത്തരം എഴുതേണ്ടവ**

1. രാഘവൻ വാങ്ങിയ പുരയിടത്തിന്റെ ചുറ്റളവിന്റെ 1/3 ഭാഗമാണ് രാജൻ വാങ്ങിയ പുരയിടത്തിന്റെ ചുറ്റളവ്. രാഘവൻ വാങ്ങിയ പുരയിടത്തിന്റെ വീതി 2500 സെ. മീ., നീളം 3500 സെ.മീ. ആണ്..എങ്കിൽ രാഘവൻ വാങ്ങിയ പുരയിടത്തിന്റെ ചുറ്റ ളവ് എത്ര? രാഘവൻ വാങ്ങിയ പുരയിടത്തിന്റെ ചുറ്റള വ് എത്ര?.ചുറ്റളവുക ൾ മീറ്ററിൽ രേഖപ്പെടുത്തുക. (5 സ്കോർ)

2. പാർവതിയുടെ അച്ഛൻ ജനുവരി മാസത്തിൽ 2 ക്വിന്റൽ കുരുമുളകും 250 .കി.ഗ്രാം റബ്ബർ ഷീറ്റും 25 കി.ഗ്രാം ജാതിപത്രിയും വിറ്റുകിട്ടിയ തുക ബാങ്കിൽ നക്ഷേപിച്ചു. 1. കി.ഗ്രാം. കുരുമുളകിന് 185 രൂപയും ,1 .കി.ഗ്രാം റബ്ബർ ഷീറ്റിന് 158 രൂപയും , 1 കി.ഗ്രാം ജാതിപത്രിക്ക് 369 രൂപയുമാണ് വില. ബാങ്ക് പാസ്സ്ബുക്കിന്റെ കോപ്പി താഴെ ചേർക്കുന്നു.

| | നിക്ഷേപിച്ച തുക | പിൻവലിച്ച തുക | ബാക്കി |
|---|---|---|---|
| ജനുവരി | | | |
| ഫെബ്രുവരി | | 35000 | |
| മാർച്ച് | | | |
| ഏപ്രിൽ | 15000 | | |
| മേയ് | | 10000 | |
| ജൂൺ | 5000 | | |

1. ജനുവരി മാസത്തിൽ ബാങ്കിൽ നിക്ഷേപിച്ച തുക എത്ര?
2. ഏപ്രിൽ , ജൂൺ മാസങ്ങളിൽ ആകെ എത്ര രൂപ നിക്ഷേപിച്ചു?

3. ഫെബ്രുവരി , മേയ് മാസങ്ങളിൽ യഥാക്രമം 35000 , 10000 രൂപവീതം പിൻവലിച്ചെങ്കിൽ ജൂൺ മാസത്തിൽ പാർവതിയുടെ അച്ഛന്റെ ബാങ്ക് അക്കൗ ിൽ എത്ര രൂപ ബാക്കിയു ്?

**ഒറ്റവാക്കിൽ ഉത്തരം എഴുതേണ്ടചോദ്യങ്ങൾ**

1. രാജുവിന്റെ കാറിന്റെ നമ്പർ 4000 നും 4005നും ഇടക്കുള്ള മൂന്നിന്റെ ഗുണിതമായ സംഖ്യയാണ്. എങ്കിൽ കാറിന്റെ നമ്പർ എത്ര?

2 .മണിക്കൂറിന് മാത്രം മണിയടിക്കുന്ന ഒരു ക്ളോക്കിൽ രാവിലെ 7 മണി മുതൽ അടുത്തദിവസം രാവിലെ 7 മണി വരെ ആകെ എത്ര മണിയടിക്കും?

3. 120 ഗ്രാം സ്വർണ്ണം എത്ര പവൻ ആണ്?

4. 4/8 ന്റെ ലഘുവായ ഭിന്നരൂപം ഏത്?

5. താഴെ തന്നിരിക്കുന്നതിൽ രണ്ട് ഒറ്റസംഖ്യകളുടെ തുക ഏതാണ്?

( 3783 , 4386 , 7841 , 5345 )

6. താഴെ തന്നിരിക്കുന്ന രൂപത്തിന്റെ ചുറ്റളവ് കണ്ടുപിടിക്കുക




7. 2020 ലെ ജനുവരി , ഫെബ്രുവരി , മാർച്ച് , ഏപ്രിൽ എന്നീ മാസങ്ങളിൽ ആകെ എത്ര ദിവസങ്ങൾ ഉ ്?

8. വൈദ്യുതി ബിൽ അടക്കാൻ ക്യൂ നിൽക്കുന്നവരുടെ നിരയിൽ മനുവിന്റെ സ്ഥാനം മുന്നിൽ നിന്ന് പിറകോട്ട് 28 ഉം പിന്നിൽ നിന്ന് മുന്നോട്ട് 13 ഉം ആണ്. എങ്കിൽ ആ ക്യൂവിൽ ആകെ എത്ര പേരു ്?

9. മാതൃക നോക്കി നാലാമത്തെ ചിത്രത്തിലെ ? ചിഹ്നം ഇട്ടിരിക്കുന്ന സ്ഥലത്തെ സംഖ്യ എഴുതുക




10. ഒരു ദിവസം = ---- സെക്കന്റ്

**ഉത്തരസൂചിക**

1. രാഘവൻ വാങ്ങിയ പുരയിടത്തിന്റെ ചുറ്റളവ് ക    ത്തുന്നതിന് -- 2 സ്കോർ

രാജൻ വാങ്ങിയ പുരയിടത്തിന്റെ ചുറ്റളവ് ക    ത്തുന്നതിന് -- 2 സ്കോർ

അളവുകൾ മീറ്ററിൽ രേഖപ്പെടുത്തുന്നതിന് -- 1 സ്ക്കോർ

2. ജനുവരി മാസത്തെ നിക്ഷേപം ക ത്തുന്നതിന്-- 2 സ്ക്കോർ

ഏപ്രിൽ , ജൂൺ മാസത്തെ നിക്ഷേപം ക ത്തുന്നതിന്-- 1 സ്ക്കോർ

ജൂൺ മാസത്തെ അക്കൗ ിൽ ബാക്കി തുക ക ത്തുന്നതിന്-- 2 സ്ക്കോർ

**ഉത്തരസൂചിക ( ഒരു സ്ക്കോർ വീതം )**

1. 4002
2. 156
3. 15
4. 1/2
5. 4386
6. 22.സെ.മീ.
7. 121
8. 40
9. 14
10. 24*60 *60 സെക്കന്റ്